**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 125** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി.യിലെ പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി നിലവിൽ എത്ര ബസ്സുകളിലാണ് നടപ്പാക്കിയിട്ടുള്ളത്; സിറ്റി ഫാസ്റ്റ് സർവ്വീസുകൾ കൂടുതലുള്ള റൂട്ടുകളിൽ പ്രസ്തുത പദ്ധതിയുടെ ഗുണം കൂടുതൽ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ ഓർഡിനറി സർവ്വീസുകളുടെ എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** 'ഇന്ദിരാ ഗ്യാരണ്ടി' പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 3125 ഓർഡിനറി ബസുകളിലാണ് 'പ്രിയദർശിനി' സൗജന്യയാത്രാ സ്കീം നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്.

തിരുവനന്തപുരത്ത് മാത്രമാണ് സിറ്റി ഫാസ്റ്റ് സർവീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നത്. സിറ്റി ഫാസ്റ്റ് സർവ്വീസുകൾ മാത്രം ഓപ്പറേറ്റ് ചെയ്തുവരുന്ന റൂട്ടുകളിൽ ഓർഡിനറി സർവീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**(ബി)** എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സുരക്ഷിതമായ ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റുകളിലും സ്ത്രീകൾക്കും, പുരുഷൻമാർക്കും പ്രത്യേക ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് TAKE A BREAK (വഴിയിടം) പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയിൽ സ്ത്രീകൾക്ക് ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ വിശ്രമ സൗകര്യം ലഭ്യമാണ്.

തിരുവനന്തപുരം, കോഴിക്കോട്, അങ്കമാലി യൂണിറ്റുകളിൽ VIVO-KSRTC സംയുക്ത സംരംഭമായി വനിതകൾക്ക് വിശ്രമിക്കുന്നതിനു ശീതീകരിച്ച വിശ്രമ സൗകര്യം ലഭ്യമാണ്. എല്ലാ യൂണിറ്റുകളിലും വനിതാ ജീവനക്കാർക്ക് ടോയ്‌ലറ്റ് സൗകര്യവും, വിശ്രമ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ക്യാമറകൾ, ലൈവ് ട്രാക്കിംഗ് തുടങ്ങിയവ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ഡിപ്പോകളിലും പ്രവർത്തിക്കുന്ന ഫ്രണ്ട്

ഓഫീസുകൾക്ക് പുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കൺട്രോൾ റൂമും നിലവിൽ പ്രവർത്തിച്ച് വരുന്നു.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണവും മോണിറ്ററിങ്ങും ലക്ഷ്യമിട്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി Transport Management Committee രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ സംവിധാനത്തിലൂടെ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സുരക്ഷിതമായ ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ ഉള്ളവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** പൊതുഗതാഗതം കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഇ-ടിക്കറ്റിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും യു.പി.ഐ. പേയ്മെന്റ്, മൊബൈൽ ആപ്ലിക്കേഷൻ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**മറുപടി:** കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് അധിഷ്ഠിത ഇലക്ട്രോണിക് ടിക്കറ്റിംഗ് സൊല്യൂഷൻ നടപ്പാക്കിയിട്ടുണ്ട്. യുപിഐ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ, നെറ്റ് ബാങ്കിംഗ്, വാലറ്റുകൾ, ചലോ പേ, ട്രാവൽ കാർഡുകൾ, എൻസിഎംസി/ക്ലോസ്ഡ്-ലൂപ്പ് കാർഡുകൾ എന്നിവയുൾപ്പെടെ ക്യാഷ്, ഡിജിറ്റൽ പേയ്മെന്റ് മോഡുകളെ ടി സംവിധാനം പിന്തുണയ്ക്കുന്നു. ആയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാനുഭവം നൽകുവാനും സാധിക്കുന്നു.

കെ.എസ്.ആർ.ടി.സി. ചലോ മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് ടി സേവനങ്ങൾ വിതരണം ചെയ്യുന്നത്. ബസ്സുകളുടെ തത്സമയ ലൊക്കേഷനും സമയവും കാണുവാനും മൊബൈൽ ടിക്കറ്റുകളും ഡിജിറ്റൽ യാത്രാ പാസുകളും വാങ്ങാനും യാത്രകൾ ആസൂത്രണം ചെയ്യാനും ചലോ പേ വഴിയും മറ്റ് സംയോജിത ഡിജിറ്റൽ മോഡുകളിലൂടെയും പേയ്മെന്റുകൾ പൂർത്തിയാക്കാനും ആപ്ലിക്കേഷൻ വഴി സാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**